# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 10 | 2023 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് - 2

ഫോൺ : 04735 - 202664
www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

# മകരവിളക്ക് : ഹോമിയോപ്പതി വകുപ്പ് സജ്ജം

മകരവിളക്കിനോടനുബന്ധിച്ച് ശബരിമല അയ്യപ്പദർശനത്തിനെത്തുന്ന ഭക്തജനങ്ങൾക്കും ഡ്യൂട്ടിയിലുള്ള വിവിധ വകുപ്പ് ജീവനക്കാർക്കുമായി എല്ലാ ഒരുക്കങ്ങളും സജ്ജമാക്കി ഹോമിയോപ്പതി വകുപ്പ്.

സന്നിധാനത്ത് പ്രവർത്തിച്ചു വരുന്ന സർക്കാർ ഹോമിയോ ഡിസ്പൻസറിയിൽ പകർച്ചപ്പനി, ചിക്കൻപോക്സ്, ചെങ്കണ്ണ് എന്നിവയ്ക്കുള്ള പ്രതിരോധ മരുന്നുകളും ചികിത്സയും ലഭ്യമാണ്. മലകയറി വരുന്ന അയ്യപ്പന്മാർക്കു ാവുന്ന പേശിവേദന, സന്ധിവേദന, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, ഉദരരോഗങ്ങൾ എന്നിവക്കും ഫലപ്രദമായ ചികിത്സ ലഭ്യമാണ്. കൂടാതെ ഹോമിയോപ്പതി ഇമ്യൂൺ ബൂസ്റ്ററിന്റെ ലഭ്യതയും ഡിസ്പൻസറിയിൽ ഉറപ്പുവരുത്തിയതായി ചാർജ് മെഡിക്കൽ ഓഫീസർ ഡോ ദിലീപ് ചന്ദ്രൻ അറിയിച്ചു. ഭക്തജനങ്ങൾക്കു പുറമേ

സന്നിധാനത്തും പരിപരങ്ങളിലുമുള്ള കടയിലെ ജോലിക്കാർ, ഡോളി വർക്കർമാർ തുടങ്ങിയവർ ഈ സേവനം പ്രയോജനപ്പെടുത്തണമെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു.

(പി.ആർ. ശബരി- 256)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ
## (11. 01. 2023)

.........

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... നട തുറക്കൽ.. നിർമ്മാല്യം
3.05 ന് .... പതിവ് അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 12 മണി വരെയും നെയ്യഭിഷേകം
6 മണിക്ക് അഷ്ടാഭിഷേകം ആരംഭിക്കും.
7.30 ന് ഉഷപൂജ
12.30 ന് 25 കലശപൂജ
തുടർന്ന് കളഭാഭിഷേകം12.45 ന് ഉച്ചപൂജ
1.30 മണിക്ക് ക്ഷേത്രനട അടയ്ക്കും.
വൈകുന്നേരം 3 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന് ദീപാരാധന
9.30 മണിക്ക് .....അത്താഴപൂജ
11.20 ന് ഹരിവരാസനം സങ്കീർത്തനം പാടി 11.30 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.